III ശ്രദ്ധ ക്ഷണിക്കൽ

നിയമനങ്ങൾ നടത്താത്തതിനാലും തസ്തികകൾ വെട്ടിക്കുറച്ചതിനാലും സംസ്ഥാനത്തെ യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, 15 ലക്ഷം ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങളുണ്ടാക്കുമെന്നു പറഞ്ഞ് അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിനുള്ള ആത്മാർത്ഥമായ നടപടികൾ സ്വീകരിച്ചില്ല എന്നുമാത്രമല്ല ഉള്ള തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്ന തരത്തിലുള്ള നയസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നിയമന നിരോധനമേർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിത സമൂഹത്തെ വഞ്ചിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. 2003 ഡിസംബർ ഒന്നിന് നിയമന നിരോധനം പിൻവലിച്ചുവെന്നാണ് ഗവൺമെന്റ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ആ സമയത്ത് ഏതാണ്ട് 68 റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞിരുന്നു. .....(ബഹളം).....

മി. സ്പീക്കർ: അംഗങ്ങൾ ദയവായി അവരവരുടെ സീറ്റുകളിലിരിക്കണം. ഇത് യോഗങ്ങൾ കൂടാനുള്ള സ്ഥലമല്ല.

ശ്രീ. പി. എസ്. സുപാൽ: വളരെ പ്രധാനപ്പെട്ട വിഷയമാണ്, ഇത് ശ്രദ്ധിക്കാൻപോലും ആരുമില്ല. 2003 ഡിസംബർ ഒന്നിന് നിയമന നിരോധനം പിൻവലിച്ചുവെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. ആ സമയത്ത് ഏതാണ്ട് 68-ഓളം റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞ സമയമായിരുന്നു. അന്ന് 2004 ഫെബ്രുവരി വരെ അതിന്റെ കാലാവധി നീട്ടി. പിന്നെ മാർച്ചുമാസം 31 വരെ അതിന്റെ കാലാവധി നീട്ടിക്കൊടുത്തു. രണ്ടും പി.എസ്.സി. അംഗീകരിച്ചു. എന്നാൽ നിയമനനിരോധനം പിൻവലിച്ചുവെന്നു പറഞ്ഞ സർക്കാർ അതിനുശേഷം ആ 68 റാങ്ക് ലിസ്റ്റുകളിൽ നിന്നും കേവലം 10 പേർക്കുമാത്രമാണ് നിയമനം കൊടുത്തിട്ടുള്ളത്. പരമാവധി നിയമനം നടത്തുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശമെങ്കിൽ നിയമനനിരോധനം പിൻവലിച്ചുവെന്ന് പറഞ്ഞതിനുശേഷം ആ റാങ്ക് ലിസ്റ്റുകളിൽ നിന്നും 100 കണക്കിന് ആളുകൾക്ക് നിയമനം കൊടുക്കുവാൻ ഗവൺമെന്റിന് കഴിയുമായിരുന്നു. പക്ഷേ ആത്മാർത്ഥമായ സമീപനം സ്വീകരിച്ചില്ല. ഇപ്പോൾ 100 ദിവസങ്ങൾക്കുള്ളിൽ 17,000 പേരുടെ ഒഴിവുകൾ റിപ്പോർട്ടു ചെയ്തുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അത് നല്ലകാര്യമാണ്. പക്ഷേ ഒഴിവുകൾ ഇപ്പോൾ എങ്ങനെയുണ്ടായി? ഞങ്ങളിവിടെ നിയമന നിരോധനമുണ്ടെന്നു പറഞ്ഞപ്പോൾ ഇല്ല, ഇല്ല എന്ന് പറഞ്ഞുകൊണ്ടിരുന്നത് ഈ സർക്കാരും ഇതിന്റെ അധികാരികളുമാണ്.

ഇവിടെ ഇപ്പോഴും നിയമന നിരോധനം നിലനിൽക്കുന്നു എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. എന്റെ കയ്യിൽ പി.എസ്.സി. 18-12-2004-ന് അയച്ച ഒരു അഡ്വൈസ് മെമ്മോ ഇരിപ്പുണ്ട്. ഡ്രൈവർ ഗ്രേഡ് 11-ൽ സുരേന്ദ്രൻനായർക്ക് അയച്ച അഡ്വൈസ് മെമ്മോയാണ്. ഈ അഡ്വൈസ് മെമ്മോ അനുസരിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിയമന ഉത്തരവ് അദ്ദേഹത്തിന് കൊടുക്കാത്ത സാഹചര്യമുണ്ട്. ഇതു സംബന്ധിച്ചൊരു പരാതി അങ്ങേയ്ക്കു നൽകിയിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചാൽ ആളുകൾക്ക് നിയമനം നൽകുന്നില്ല, ഇപ്പോഴും നിയമന നിരോധനം നില നിൽക്കുന്നു എന്നുള്ളതിന്റെ തെളിവല്ലേ ഇത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തസ്തികകൾ വെട്ടിക്കുറച്ചു. പതിനൊന്നായിരത്തിലധികം

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ വെട്ടിക്കുറച്ചു. അതു തൊഴിൽരഹിത സമൂഹത്തെ കാര്യമായി ബാധിക്കുന്ന ഒരു വിഷയമാണ്. ഇക്കണോമിക് റിവ്യൂവിൽ സൂചിപ്പിച്ച ഒരു വിഷയമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ട്രഷറിയിൽ നിന്നും ശമ്പളം പറ്റിയിരുന്ന ഏതാണ്ട് അഞ്ചേകാൽ ലക്ഷം ഉദ്യോഗസ്ഥരുണ്ടായിരുന്നു. ഇപ്പോൾ അതു നാലര ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഏതാണ്ട് ഒരു ലക്ഷത്തോളം തസ്തികകളുടെ കുറവുണ്ടായിരിക്കുകയാണ്. തസ്തിക വെട്ടിക്കുറയ്ക്കലിലൂടെ അഭ്യസ്തവിദ്യരായ ഒരു തൊഴിൽരഹിത സമൂഹത്തെയാണ്, നാം സൃഷ്ടിക്കുന്നത്. അതുപോലെ തന്നെ ഒഴിവു വന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ പേരിൽ ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ. കേരളത്തിലെ തൊഴിൽരഹിത സമൂഹത്തെയാണ് ഇതു ഗുരുതരമായി ബാധിക്കുന്നത്. കരാർ നിയമനങ്ങളുടെ ആധികൃത്തെസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകണം. പി.എസ്.സി. ലിസ്റ്റു നിലവിലുള്ളപ്പോൾ ഒരു കാരണവശാലും മറ്റു തരത്തിൽ നിയമനങ്ങൾ നടത്താൻ പാടില്ല. ആ ലിസ്റ്റിൽ നിന്നു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. ലിസ്റ്റില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. ഇവിടെ ഇപ്പോൾ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ തന്നെ കരാർ നിയമനങ്ങൾ നടത്തുന്നു. ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് .എക്സ്ചേഞ്ചുകളെ നോക്കുകുത്തികളായി നിർത്തിക്കൊണ്ട് കരാർ നിയമനങ്ങൾ വിവിധ സർക്കാർ വകുപ്പുകളിൽ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങൾ നടത്തുന്നതു നമുക്കു മനസ്സിലാക്കാം. പക്ഷേ സർക്കാർ വകുപ്പുകളിൽ തന്നെ കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കിക്കൊണ്ട് വ്യാപകമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ടൂറിസം ഡിപ്പാർട്ടുമെന്റിൽ 50 ശതമാനവും കരാർ നിയമനങ്ങളാണ്. വിദ്യാഭ്യാസ വകുപ്പിൽ കരാർ നിയമനങ്ങൾ വ്യാപകമായി നടക്കുന്നു. ആരോഗ്യ വകുപ്പിൽ കരാർ നിയമനങ്ങൾ വ്യാപകമായി നടക്കുന്നു. ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ചേംബറിൽ വിളിച്ച അവസരത്തിൽ ഞങ്ങൾ അദ്ദേഹത്തോട് കരാർ നിയമനങ്ങളുടെ കാര്യം സംബന്ധിച്ച് പറഞ്ഞതാണ്. ഗവൺമെന്റ് അക്കാര്യത്തിൽ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു തന്നതുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു കരാർ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കുമെന്ന്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനങ്ങൾ നടത്തിയതിന്റെ മൂന്നിരട്ടിയിലധികം കരാർ നിയമനങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ടെന്നു പറഞ്ഞാൽ അതു ഈ ഗവൺമെന്റിനു നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ട് കരാർ നിയമനങ്ങൾ അവസാനിപ്പിക്കാനും സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും നികത്തുവാനുള്ള നടപടികൾ സ്വീകരിക്കണം. 15 ലക്ഷം യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് വാഗ്ദാനം ചെയ്ത ഗവൺമെന്റ് അതു പാലിക്കാൻ ആത്മാർത്ഥമായി നടപടികൾ സ്വീകരിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിയമന നിരോധനം ഇപ്പോൾ നിലവിലില്ല. അതു വീണ്ടും ആവർത്തിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാംഗ്ഷന്റ് പോസ്റ്റുകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിൽനിന്നുമെടുക്കും. സാംഗ്ഷൻഡ് പോസ്റ്റുകളിൽ പി.എസ്.സി. ലിസ്റ്റില്ലെങ്കിൽ പി.എസ്.സി.-ക്കു റിപ്പോർട്ട് ചെയ്യും. നൂറുദിന പരിപാടിക്കിടയിൽ പതിനേഴായിരത്തിൽപ്പരം വേക്കൻസികൾ ഗവൺമെന്റിലും ബാക്കി പൊതുമേഖലാ സ്ഥാപനങ്ങളിലേതും കൂടി കൂട്ടുമ്പോൾ ഇരുപതിനായിരത്തിൽപ്പരം സാംഗ്ഷൻഡ് പോസ്റ്റുകൾ ഈ നൂറു ദിവസം കൊണ്ട് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും ഒഴിവുകളുടെ കണക്കാണിത്. ഒരു വർഷം റിപ്പോർട്ടു ചെയ്തതിനെക്കാൾ കൂടുതലാണ് ഈ നൂറു ദിവസം കൊണ്ട് റിപ്പോർട്ട് ചെയ്തതെന്നുള്ള കാര്യം അങ്ങ് മറക്കരുത്. കരാർ നിയമനത്തെക്കുറിച്ചു പറയുകയാണെങ്കിൽ, സ്ഥിരസ്വഭാവമുള്ള, പി.എസ്.സി.-ക്കു വിട്ട പോസ്റ്റുകളിൽ, പി.എസ്.സി. ലിസ്റ്റുണ്ടെങ്കിൽ കരാർ നിയമനം പാടില്ല എന്നുള്ളതാണ് ചട്ടം. അതെവിടെയെങ്കിലും ലംഘിച്ചതായി ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം. സ്ഥിരസ്വഭാവമില്ലാത്ത കേസ്സുകളിൽ, പി.എസ്.സി. ലിസ്റ്റില്ലെങ്കിൽ ചിലപ്പോൾ കരാർ നിയമനം നടത്തേണ്ടി വരും. പക്ഷേ പി.എസ്.സി ലിസ്റ്റുള്ള, സ്ഥിരസ്വഭാവമുള്ള സാംഗ്ഷൻഡ് പോസ്റ്റുകളിൽ ഒരിക്കലും കരാർ അടിസ്ഥാനത്തിൽ ആളുകളെ എടുക്കുവാൻ പാടില്ല എന്നുള്ളതാണ് നിയമം. അതു വളരെ കർശനമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങിവിടെ ഒരു ഡ്രൈവറുടെ അഡ്വൈസ് മെമ്മോയെക്കുറിച്ചു പറഞ്ഞു. അതു ഡിസംബർ മാസത്തിൽ കൊടുത്തിരിക്കുന്ന അഡ്വൈസ് മെമ്മോയാണ്. പുതിയ നിയമമനുസരിച്ച് മൂന്നു മാസത്തിനകം അപ്പോയിന്റുമെന്റ് കൊടുക്കണം. മൂന്നു മാസത്തിനകം അപ്പോയിന്റുമെന്റ് കൊടുത്തില്ലെങ്കിൽ അവർക്ക് അപ്പോയിന്റുമെന്റ് കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അങ്ങിവിടെ പറഞ്ഞ മറ്റു കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. തൊഴിലില്ലാത്ത അനേകം ലക്ഷങ്ങളുള്ള നമ്മുടെ കേരളത്തിൽ ഗവൺമെന്റ് ഉദ്യോഗങ്ങൾ കൊണ്ട് തൊഴിലില്ലായ്മാപ്രശ്നം പരിഹരിക്കാൻ സാധ്യമല്ല. എങ്കിൽപ്പോലും തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന മുഴുവൻ ആളുകളുടെയും പ്രതീക്ഷ, ഗവൺമെന്റ് തലത്തിൽ ഉണ്ടാകുന്ന ഓരോ ചെറിയ കാര്യങ്ങൾപ്പോലും ഇവരെ നേരിട്ടു ബാധിക്കുമെന്നുള്ളതാണ്. ചെറുപ്പക്കാർക്കുള്ള ഉൽകണ്ഠ ഗവൺമെന്റ് പൂർണ്ണമായും മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെയാണ് ഒരൊറ്റ ഒഴിവുപോലും അവശേഷിക്കരുതെന്നുള്ള രീതിയിൽ നൂറു ദിവസത്തെ സ്കീമിൽ ഇതുൾപ്പെടുത്തി, 98 ശതമാനത്തിലധികം ഒഴിവുകളും ഈ നൂറു ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികമായി, നിയമപരമായ ചില തടസ്സങ്ങൾ ഉള്ളതു മാത്രമാണ് ഇനി റിപ്പോർട്ടു ചെയ്യാനുള്ളത്. മറിച്ച് എവിടെയെങ്കിലും എന്തെങ്കിലും ഉണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് പ്രത്യേകം നടപടി എടുക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; അതുപോലെ കരാർ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: കരാർ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കാൻ സാദ്ധ്യമല്ല. സ്ഥിരസ്വഭാവമില്ലാത്ത പോസ്റ്റുകളാണെങ്കിൽ കരാർ നിയമനങ്ങൾ വേണ്ടി വരും. എസ്.എസ്.എൽ.സി. പരീക്ഷയുടെ വാല്യൂവേഷന്റെ സമയത്തും മാർക്ക് എന്റർ ചെയ്യുന്ന സമയത്തും അധികം ആളുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരും. ഒരു മാസത്തേയ്ക്കോ ഒന്നര മാസത്തേയ്ക്കോ വേണ്ടിയാണത്. പക്ഷേ പി.എസ്.സി. ലിസ്റ്റുള്ള സമയത്ത് സ്ഥിരസ്വഭാവമുള്ള സീറ്റുകളിൽ ഒരിക്കലും കരാർ നിയമനങ്ങൾ അനുവദിക്കുകയില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അതിനു വിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് അതു ചൂണ്ടിക്കാണിക്കാം.

(2) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഡി. സുഗതൻ: സർ, എന്റെ നിയോജക മണ്ഡലമായ അമ്പലപ്പുഴയിലുള്ള സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ് ഒരു പൊതുമേഖലാ സ്ഥാപനമാണ്. 1976-ൽ ശ്രീ. ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമാണിത്. ബിരുദധാരികളായ എഞ്ചിനീയർമാർക്ക് ജോലി കൊടുക്കാൻ വേണ്ടി എഞ്ചിനീയേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കിയാണ് ആ സ്ഥാപനം അന്നാരംഭിച്ചത്. സ്കൂട്ടർ നിർമ്മാണമാണ് ഉദ്ദേശിച്ചത്. അവിടെ അൻപതോളം ബിരുദധാരികളായ എഞ്ചിനീയർമാരുണ്ടായിരുന്നു. പക്ഷേ പല കാരണങ്ങളാൽ അതിന്റെ പ്രവർത്തനം നിലച്ചു പോകുന്ന ഒരു സാഹചര്യമുണ്ടായപ്പോൾ, ഡൈവർഷൻ നടപടി സ്വീകരിച്ചു. സ്കൂട്ടർ നിർമ്മാണം എന്നുള്ളതിനുപകരം മാറ്റി ആശുപത്രി ഉപകരണങ്ങൾ, പോലീസിനാവശ്യമുള്ള സാധനങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന നടപടിയിലേയ്ക്കു മാറുകയുണ്ടായി. ഇപ്പോൾ അതിനും സാമ്പത്തികം ഒരു തടസ്സമായി വന്നപ്പോൾ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, എഞ്ചിനീയർമാർക്ക് അവിടെ നിന്നും പിരിഞ്ഞു പോകാനുള്ള അവസരം കൊടുത്തു. അവർ വി.ആർ.എസ്. വാങ്ങി പിരിഞ്ഞു പോയി. ഇനി ഏഴു തൊഴിലാളികൾ മാത്രമേ ബാക്കിയുള്ളൂ. അതൊരു വലിയ സൊസൈറ്റിയാണ്. ഗവൺമെന്റ് പുന്നപ്രയിൽ കൊടുത്ത 14.49 ഏക്കർ സ്ഥലത്താണ് ആ സ്ഥാപനം നിൽക്കുന്നത്. ഏതാണ്ട് 7,017 സ്ക്വയർ

LIBRARY ARCHIVES Kerala Legislative Assembly